പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.175 28.06.2016 - ൽ മറുപടിയ്ക്ക്

**നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ വെയർ ഹൗസ്**

| ചോദ്യം<br>ശ്രീ.ജി.എസ്. ജയലാൽ | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വെയർ ഹൗസ് ആരംഭിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിക്കുകയും, സ്ഥലപരിശോധന നടത്തുകയും, ആയതിലേക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ തുടർനടപടികൾ ആരംഭിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിരുന്നുവോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) കൊല്ലം വെയർഹൗസിനുവേണ്ടി തുക അനുവദിച്ചിട്ടില്ല.<br>ആശുപത്രി കോമ്പൗണ്ടിൽ ആദ്യം അനുവദിച്ചിരുന്ന സ്ഥലത്ത് പ്രവൃത്തികൾ ഏൽപ്പിച്ചിരുന്ന ഏജൻസിയായ എച്ച്.എൽ.എൽ വഴി ചുറ്റമതിൽ കെട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലത്ത് വെയർഹൗസ് വന്നാൽ ആശുപത്രിയുടെ വികസനത്തിന് തടസ്സങ്ങൾ കാണിച്ച് ആശുപത്രി അധികൃതർ പുതിയ സ്ഥലം അനുവദിക്കുകയാണ് ഉണ്ടായത്. ആയതിനാൽ പ്രവൃത്തികൾ ടി ഏജൻസി വഴി തുടരാൻ സാധിച്ചില്ല. സർക്കാർ ഉത്തരവ് (എം.എസ്) നം.18/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. തീയതി 18.01.2012 പ്രകാരം കണ്ണൂർ, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകൾക്കാണ് തുക അനുവദിച്ചിരുന്നത്. ഇതിൽ കൊല്ലം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) തടസ്സങ്ങൾ ഒഴിവാക്കി വെയർ ഹൗസ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ആയതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, മൂലധനവും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ